**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.46** **28.10.2019-ൽ മറുപടിക്ക്**

<u>പി.എസ്.സി. വഴിയുള്ള നിയമനം</u>

**ചോദ്യം**

**ശ്രീ.** വി.കെ.ഇബ്രാഹിം കുഞ്ഞ്

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ വരെ 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുനൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | അഡ്വൈസ് മെമ്മോ നേരിട്ട് കൈപ്പറ്റണമെന്ന പി.എസ്.സി.യുടെ നിർദ്ദേശം ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാക്കുന്ന സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അഡ്വൈസ് മെമ്മോ തപാലിൽ അയയ്ക്കുന്നത് ലഭിക്കുന്നില്ല എന്ന പരാതികൾ ലഭിച്ചതിനാൽ കൃത്യമായി നേരിട്ട് ഉദ്യോഗാർത്ഥികളുടെ രേഖകൾ പരിശോധിച്ച് രജിസ്റ്ററിൽ ഒപ്പുവാങ്ങി ജില്ലാതല നിയമനങ്ങൾക്ക് ജില്ലാ ഓഫീസുകൾ മുഖേനയും സംസ്ഥാനതല നിയമനങ്ങൾക്ക് ആസ്ഥാന ഓഫീസ് മുഖേനയും നിയമന ശിപാർശ നൽകുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ കൃത്യമായി നേരിട്ട് നിയമന ശിപാർശ കിട്ടുന്നതിനാൽ സാങ്കേതിക തടസ്സമൊന്നും വന്നിട്ടില്ല. നിയമന ശിപാർശ കൈപ്പറ്റുന്നതിന് കൂടുതൽ സമയം വേണമെന്ന് ആവശ്യപ്പെടുന്നവർക്ക് ആയതിനുള്ള സൗകര്യം നൽകുന്നുണ്ട്. |
| (സി) | വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കുള്ള ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനശിപാർശ താമസം വിനാ പി.എസ്.സി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ